ചികിത്സാ രേഖകളും ബില്ലുകളും പരിശോധിച്ച് ഇത് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

ലോട്ടറി മേഖലയിലെ സേവന നികുതി

177 (3331) ശ്രീ. എളമരം കരീം :
ശ്രീ. വി. കെ. ശ്രീധരൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി മേഖലയിൽ സേവന നികുതി ഏർപ്പെടുത്തിയതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഏജന്റ് യൂണിയനുകളുമായുണ്ടാക്കിയ ധാരണകൾ സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിന് സാധ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സേവന നികുതി ഏർപ്പെടുത്തിയതു മൂലം ഏജന്റുമാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഏത് രീതിയിൽ പരിഹരിക്കുമെന്നാണ് ഉറപ്പ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയ ഗ്രോത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിനാൻസ് ആന്റ് ടാക്സേഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ-സി) ലോട്ടറി മേഖലയിൽ സേവന നികുതി ഏർപ്പെടുത്തിയത് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഏജന്റ് യൂണിയനുകളുമായി നടത്തിവരുന്ന ചർച്ചകളിൽ അന്തിമ തീരുമാനമായിട്ടില്ല.

(ഡി) ഗ്രോത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിനാൻസ് ആന്റ് ടാക്സേഷൻ റിപ്പോർട്ട് നൽകിയിട്ടില്ല.

കാരുണ്യ ബനവലന്റ് ഫണ്ട്

178 (3332) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ടിലേക്ക് കാരുണ്യ ലോട്ടറി നടത്തിപ്പിലൂടെ അല്ലാതെ ഫണ്ട് ലഭിച്ചിട്ടുണ്ടോ :

997/18

LIBRARY ARCHIVES Kerala Legislative Assembly